പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2580 **28-10-2026-ൽ മറുപടിയ്ക്ക്**

ചങ്ങനാശ്ശേരി മണ്ഡലത്തിൽ എസ്.സി/എസ്.ടി വകുപ്പിന് കീഴിലുള്ള പദ്ധതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി മോഡൽ റെസിഡൻഷ്യൽ സ്കൂളുകളോ അല്ലെങ്കിൽ പ്രീ-മെട്രിക്/പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളോ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ അവയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പുതിയവ അനുവദിക്കുന്നതിനും എന്തൊക്കെ പദ്ധതികളാണ് പരിഗണനയിലുള്ളത്;

മറുപടി: ഉണ്ട്. പട്ടികജാതി വികസന വകുപ്പിനു കീഴിൽ ചങ്ങനാശ്ശേരി മണ്ഡലത്തിൽ പുഴവാത് എന്ന സ്ഥലത്ത് പോസ്റ്റ്മെട്രിക് ഹോസ്റ്റൽ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത ഹോസ്റ്റലിന്റെ നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഒന്നാം ഘട്ടം പൂർത്തിയായിട്ടുണ്ട്.

(ബി) ഭവന പദ്ധതികളിൽ ഉൾപ്പെടുത്തി വീടുകൾ അനുവദിക്കപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളിൽ സാമ്പത്തിക പ്രതിസന്ധി കാരണമോ മറ്റു തടസ്സങ്ങൾ കാരണമോ നിർമ്മാണം പാതിവഴിയിൽ നിന്നുപോയവ എത്രയുണ്ട്; അവ പൂർത്തീകരിക്കാൻ പ്രത്യേക പാക്കേജ് അനുവദിക്കുമോ;

മറുപടി: മാനദണ്ഡങ്ങൾക്ക് വിധേയമായി സേഫ് പദ്ധതിയിൽ ഭവന പൂർത്തീകരണം നടപ്പിലാക്കുന്നുണ്ട്. പ്രത്യേക പാക്കേജ് പരിഗണനയിലില്ല.

(സി) മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട യുവതീ യുവാക്കൾക്കായി തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലന പരിപാടികളും സംരംഭകത്വ സഹായങ്ങളും നൽകാൻ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നത്; ചങ്ങനാശ്ശേരി മുൻസിപ്പാലിറ്റി പരിധിയിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി കൃത്യമായി നടപ്പിലാക്കുന്നുണ്ടോയെന്നും തൊഴിലാളികൾക്കുള്ള വേതനം കുടിശ്ശിക കൂടാതെ ലഭ്യമാക്കുന്നുണ്ടോയെന്നും ഉറപ്പുവരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

മറുപടി: പട്ടികജാതി വിഭാഗത്തിൽപ്പെട്ട തൊഴിൽ രഹിതരായ യുവതീ യുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ഉതകുന്ന തരത്തിലുള്ള വിവര സാങ്കേതികം, ഓട്ടോമൊബൈൽ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, ആരോഗ്യം എന്നിങ്ങനെ വിവിധ മേഖലകളിൽ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലന പരിപാടികൾ സർക്കാർ

ഏജൻസികൾ ഉൾപ്പെടയുള്ള വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കുന്നുണ്ട്. കൂടാതെ സംരംഭകത്വ സഹായത്തിനായി സ്വയംതൊഴിൽ പദ്ധതി, സമൃദ്ധി കേരളം പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. ഈ സാമ്പത്തിക വർഷം മുതൽ പട്ടികജാതി വിഭാഗത്തിലെ വനിതകളുടെ സാമ്പത്തിക സ്വയംപര്യാപ്തത ഉറപ്പുവരുത്തുകയും, സംരംഭകത്വം പ്രോത്സാഹിപ്പിക്കുകയും, കൂട്ടായ്മയിലൂടെ സുസ്ഥിര തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ ദാക്ഷായണി സ്വയം തൊഴിൽ സഹായ പദ്ധതി" നടപ്പിലാക്കുന്നുണ്ട്. ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ പട്ടികവർഗ പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട യുവതീയുവാക്കൾക്ക് പ്രത്യേകമായി തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലന പരിപാടികളും സംരഭകത്വ സഹായങ്ങളും നൽകാൻ നിലവിൽ പദ്ധതികളൊന്നും തന്നെ നടപ്പിലാക്കി വരുന്നില്ല.

ചങ്ങനാശ്ശേരി നഗരസഭയിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി കൃത്യമായി നടപ്പിലാക്കി വരുന്നുണ്ട്. തൊഴിലാളികളുടെ വേതനകുടിശ്ശിക നൽകാനുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കുടിശ്ശിക നൽകുന്നതാണ്.

(ഡി) മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള വിവിധ ഓഫീസുകളിലും സ്ഥാപനങ്ങളിലും നിലവിലുള്ള ആകെ തസ്തികകളുടെ എണ്ണവും അതിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ട് എന്നതിന്റെ വിശദാംശവും ലഭ്യമാക്കാമോ; നിലവിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

<u>മറുപടി:</u> ആകെ തസ്തികകളുടെ എണ്ണം - 21 നിലവിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം - 21

ഒഴിവുള്ള തസ്തികകൾ നിലവിലില്ല.

(ഇ) മണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ സേവനം അനുഷ്ഠിക്കുന്ന എസ്.സി-എസ്.ടി പ്രൊമോട്ടർമാരുടെ ആകെ അനുവദിച്ച എണ്ണം എത്രയാണ്; നിലവിൽ എത്ര പേർ സേവനം ചെയ്യുന്നുണ്ട്; എത്ര ഒഴിവുകൾ നികത്താനുണ്ട്; പ്രൊമോട്ടർമാരുടെയും വകുപ്പ് ജീവനക്കാരുടെയും കുറവ് കാരണം ഗുണഭോക്തൃ അർഹതാ നിർണ്ണയവും പദ്ധതികളുടെ നിർവ്വഹണവും തടസ്സപ്പെടുന്നുണ്ടോ; എങ്കിൽ ഒഴിഞ്ഞു കിടക്കുന്ന ടി തസ്തികകളിൽ ഉടൻ നിയമനം നടത്തുന്നതിനും ഗുണഭോക്താക്കൾക്ക് സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിനുമായി വകുപ്പുതലത്തിൽ പുതിയതായി എന്തെങ്കിലും ഭരണപരമായ പരിഷ്കരണങ്ങളോ തീരുമാനങ്ങളോ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ?

<u>മറുപടി:</u> എസ്.സി പ്രൊമോട്ടർമാരുടെ അനുവദിച്ച എണ്ണം - 9 നിലവിലുള്ള പ്രൊമോട്ടർമാരുടെ എണ്ണം - 3 ഒഴിവുകളുടെ എണ്ണം - 6

ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുകളിൽ പട്ടികജാതി പ്രൊമോട്ടർമാരുടെ അഭാവത്തിൽ പദ്ധതി നടത്തിപ്പിൽ ഉണ്ടാക്കുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനായി പ്രൊമോട്ടർ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട സംസ്ഥാനതലത്തിൽ വിജ്ഞാപനം പ്രസിദ്ധീകരിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ